


മാധ്യമം madhyamam kudumbam October 2019 ₹25
കുടുംബം
ഞാൻ എന്തിനു
രാജിവെച്ചു
കണ്ണൻ ഗോപിനാഥൻ ഐ.എ.എസ്
കണ്ണും കാഴ്ചയും
അറിയേണ്ടതെല്ലാം
വെബ് സീരീസിൽ
തിളങ്ങും താരങ്ങൾ
അനാർക്കലിയും
ഉമ്മയും അവരുടെ
പുന്നാര വീടും
ECO
FRIENDLY
HOME
പ്രകൃതിയോടിണങ്ങി ജീവിക്കാം
മണ്ണിനിണങ്ങിയ
4
വീടുകൾ














**08** സ്വാതന്ത്ര്യംതന്നെ അമൃതം
കശ്മീർ നടപടിയിൽ പ്രതിഷേധിച്ച് സിവിൽ സർവിസിൽനിന്നു രാജിവെച്ച കണ്ണൻ ഗോപിനാഥന്റെ ജീവിതവും നിലപാടുകളും

**കവർസ്റ്റോറി**

**14** അനാർക്കലിയും ലാലിയും അവരുടെ വീടും

**20** വേണം ഭൂമിക്കിണങ്ങുന്ന വീടുകൾ
- മൺവീട് സൂപ്പർസ്റ്റാർ തന്നെ
- പ്രീ ഫാബ്രിക്കേറ്റഡ് വീടുകൾ
- വേണം പാർപ്പിട സാക്ഷരത
- പ്രകൃതിക്കിണങ്ങും 4 പ്ലാനുകൾ

**36** ജ്വാലാമുഖി: രഞ്ജു രഞ്ജിമാർ

**48** സാറ കോഹൻ എന്റെ ഉമ്മ തന്നെയായിരുന്നു

**54** സർവം രാഗമയം ഗായത്രി

**68** പ്രളയാനുഭവം: നീറുന്ന ഓർമയായി ആ കുഞ്ഞിക്കൈ

**72** സീരിയസാണ് വെബ്സീരീസുകൾ

**42**
ആരോഗ്യം: നേത്ര രോഗങ്ങളെ കുറിച്ച് അറിയേണ്ടതെല്ലാം

**52**
കൃഷി: 'കറ' നല്ലതാണ്

**90**
കായികം: പറക്കും റഫറി

**94**
യാത്ര: നുസ പെനിദ ബാലിയുടെ വിസ്മയം

**100**
വിജയപഥം: ഹാപ്പിമാൻ

**പംക്തികൾ**
പലരി പുരാണം
പാചകം
സ്പീക്ക് ഇംഗ്ലീഷ് ഈസി
കുട്ടിപ്പേജ്
സീനിയർ സിറ്റിസൺ
ഫൺ മേക്കിങ്
പാസ്റ്റ് പെർഫെക്ട്
കാർട്ടൂൺ






മാധ്യമം
# കുടുംബം
**2019 ഒക്ടോബർ**
**പുസ്തകം 4, ലക്കം 48**

Cover: Anarkali Marikar, Lali P. M
Cover Photo: Ashique Hassan

editor: O. Abdurahman
associate editor: Dr. Yaseen Ashraf
executive editor: V.M. Ibrahim
joint editor: P.I. Nowshad
kudumbam editor: Yasir Fayas
sub editors: Anas Aseen, P. Lissy

G.M marketing: Muhammed Rafeek. K
production: Rasheedali

lay out: Kenz Haris
Cover Design: Ameer faizal

Printed and Published by
TK Farook for and on behalf of
Ideal Publications Trust,
Silver Hills, Kozhikode12
at Roshni Press, Silver Hills, Kozhikode12
Phone: 2731500 (5 Lines)
Fax: 04952731319

Editor, kudumbam magazine
madhyamam, kozhikode 12
email: kudumbam@madhyamam.in
phone: 0495 2731500

Circulation:
Marketing Manager - Circulation,
Madhyamam Kudumbam,
Madhyamam Office, UKS Road
Mavoor road, Calicut 1
Mob: 8589009500
email: circulation.periodicals@madhyamam.in
**Advertisements:**
Marketing Manager - Advertisements,
Madhyamam Kudumbam,
Madhyamam Office,
UKS Road, Mavoor road, Calicut 1
mob: 9645006285
email: mktg.kudumbam@madhyamam.in



**ജി. ശങ്കർ**
ചീഫ് ആർക്കിടെക്ട്, ഹാബിറ്റാറ്റ് ഗ്രൂപ്പ്, തിരുവനന്തപുരം



# വേണം പാർപ്പിട സാക്ഷരതയും ഭൂവിനിയോഗ നയവും

2018ലെ പ്രളയവും 2019ൽ നടന്ന വൻ ഉരുൾപൊട്ടലും കേരളത്തെ വളരെ പ്രധാനപ്പെട്ട പാഠങ്ങളാണ് പഠിപ്പിച്ചത്. കെട്ടിടനിർമാണ രംഗവും പരിസ്ഥിതിയും തമ്മിലുള്ള ജൈവബന്ധത്തെക്കുറിച്ചുകൂടിയാണ് അത് ഓർമിപ്പിക്കുന്നത്. കെട്ടിടനിർമാണ രീതിശാസ്ത്രത്തിലും നിർമാണസാമഗ്രികളുടെ തിരഞ്ഞെടുപ്പിലും സശ്രദ്ധവും കരുതലോടുകൂടിയുമുള്ള സമീപനം വേണം. അതാണ് ഭാവി കേരളം ആവശ്യപ്പെടുന്നത്.

പരിസ്ഥിതിസൗഹൃദവും ചെലവുകുറഞ്ഞതും ഊർജം സംഭരിക്കുന്നതുമായ കെട്ടിടനിർമാണ രീതികൾതന്നെയാണ് പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്താനുള്ള ഏറ്റവും ശക്തമായ ഇടപെടലെന്ന് ഞങ്ങളെപ്പോലുള്ള പരിസ്ഥിതി പ്രവർത്തകർ ഏറെക്കാലമായി ചൂണ്ടിക്കാട്ടുന്നുണ്ട്.

കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് നാം മനസ്സിലാക്കേണ്ട കുറെ കാര്യങ്ങളുണ്ട്. ഇന്ത്യയിൽ ഒരു വർഷം വെട്ടുന്ന മരങ്ങളുടെ 40 ശതമാനം കെട്ടിടനിർമാണത്തിനുവേണ്ടിയാണ്. ഓസോൺ പാളിയുടെ വിള്ളൽ ഇല്ലാതാക്കുന്നതടക്കമുള്ള കാലാവസ്ഥ വ്യതിയാനങ്ങൾക്ക് മരം മാത്രമാണ് മറുപടിയെന്നത് ലോകം മുഴുക്കെ അംഗീകരിക്കപ്പെട്ട കാര്യമാണ്. ഇതിനു പുറമെ ഊർജ ഉപഭോഗത്തിന്റെ കണക്കുകൾ പേടിപ്പെടുത്തുന്നതാണ്. ഇന്ത്യയിൽ ആകെ ഉപയോഗിക്കുന്ന ഊർജത്തിന്റെ 35 ശതമാനം കെട്ടിടനിർമാണത്തിനുവേണ്ടിയാണെന്ന് തിരിച്ചറിയണം. വലിയ ഊർജപ്രതിസന്ധിയുടെ വാതിൽക്കലാണ് നാം. ഇതിന് പ്രധാന കാരണം കെട്ടിടനിർമാണരംഗത്തെ ഇടപെടലാണെന്ന് തിരിച്ചറിയണം. അതുകൊണ്ടാണ് സിമന്റിന്റെയും കമ്പിയുടെയും അളവ് നിയന്ത്രിക്കണം എന്ന് ആവശ്യപ്പെടുന്നത്. ഇവയുടെ ഉൽപാദനപ്രക്രിയയിൽ കത്തിച്ചുകളയുന്ന ഊർജത്തിന്റെ അളവ് വളരെ വലുതാണ്.

## ഭൂവിനിയോഗം: ശക്തമാകണം ഇടപെടൽ

കേരളത്തിന്റെ സവിശേഷമായ ഭൂമിശാസ്ത്രം പരിഗണിക്കാത്ത രീതിയിലുള്ള നിർമാണരീതികളാണ് ഇവിടെ പ്രചരിക്കപ്പെടുന്നത്. മലനാടുകൾ, ഇടനാടുകൾ, നീളമേറിയ തീരപ്രദേശം എന്നിങ്ങനെ മൂന്നു മേഖലകളാക്കിയാണ് നമ്മുടെ കേരളത്തെ തിരിച്ചിട്ടുള്ളത്. എന്നാൽ, ഇതെല്ലാം മറന്ന് മലകളെല്ലാം ഇടിച്ചു നിരത്തിയുള്ള നിർമാണപ്രക്രിയ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഭൂമിയുടെ കിടപ്പിന് അനുസരിച്ചാകണം കെട്ടിടം വെക്കുന്നത് എന്നതാണ് ജൈവ വാസ്തുശാസ്ത്രത്തിന്റെ മൂലാധാരം.

ചരിഞ്ഞ പ്രദേശമാണെങ്കിൽ അതിന്റെ പ്രത്യേകത ഉൾക്കൊണ്ടായിരിക്കണം നിർമാണം. അതിനു വിരുദ്ധമായി മലനാട്ടിലും തീരപ്രദേശത്തുമെല്ലാം ഒരേ രീതിയിലുള്ള നിർമാണ രീതി പിന്തുടരുന്നത് അപകടകരമാവുമെന്നതിന്റെ പ്രത്യക്ഷ ദൃഷ്ടാന്തമാണ് കവളപ്പാറയിലും പുത്തുമലയിലുമെല്ലാം സംഭവിച്ച മണ്ണിടിച്ചിലും മലയിടിച്ചിലും. സന്തുലിത നിർമാണരീതികൾ പ്രോത്സാഹിപ്പിക്കണം. കാസർകോട്, കണ്ണൂർ, വയനാട്, ഇടുക്കി, കോട്ടയം വരെ നീണ്ടുനിൽക്കുന്ന പശ്ചിമഘട്ട മലനിരകൾ ദുർബലമായ ഭൗമപാളികളിൽകൂടിയാണ് നീങ്ങുന്നതെന്ന് ഓർക്കണം. ഭൂമിയുടെ പ്രത്യേകതകൾ മനസ്സിലാക്കിയും മണ്ണ് പരിശോധിച്ചും അതിനെ ഉൾക്കൊണ്ടുമല്ലാത്ത നിർമാണ രീതികളല്ലാതന്നെ പ്രകൃതി പ്രതിരോധിക്കുമെന്ന് നമ്മൾ പല




### അൽപം ശ്രദ്ധിച്ചാൽ ചെലവു കുറക്കാം...

- വീടെന്ന സ്വപ്നം യാഥാർഥ്യമാക്കുമ്പോൾ വാങ്ങാനുദ്ദേശിക്കുന്ന സ്ഥലം കരഭൂമിയാണോ കൃഷിഭൂമിയാണോ എന്നൊക്കെ മനസ്സിലാക്കുക. കൂടാതെ, വാഹനങ്ങൾ കടന്നുപോകാനുള്ള സൗകര്യം, വൈദ്യുതി, വെള്ളം എന്നിവയുടെ ലഭ്യത തുടങ്ങിയവയും ഉറപ്പുവരുത്തണം. ഭൂമിയുടെ കിടപ്പും മണ്ണിന്റെ സ്വഭാവവും വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിക്കുക.
- വീട്ടുകാരുമായി പലവട്ടം ആലോചിച്ച് അഭിപ്രായങ്ങൾ ക്രോഡീകരിച്ചാകണം ആർക്കിടെക്ടിനെ സമീപിക്കേണ്ടത്. പ്ലാൻ തയാറാക്കിയശേഷവും ഒന്നുകൂടി ഉറപ്പുവരുത്തിയതിനുശേഷമേ നിർമാണത്തിന് ഇറങ്ങാവൂ. ബജറ്റും മുൻകൂട്ടി തീരുമാനിച്ചിരിക്കണം.
- നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ചായിരിക്കണം വീട് പണിയേണ്ടത്. മുറികളുടെ അനാവശ്യമായ വലുപ്പം, ആഡംബരം തുടങ്ങിയവ വേണ്ടെന്ന് തീരുമാനമെടുക്കുക.
- കോൺക്രീറ്റിനും കരിങ്കല്ലിനും പകരം മണ്ണോ സിമൻറ് കട്ടയോ ഇന്റർലോക്ക് ബ്രിക്കോ ഉപയോഗിക്കുന്നത് ചെലവു കുറക്കാൻ സഹായിക്കും. റൂഫിങ്ങിലെ കോൺക്രീറ്റ് ഉപയോഗം കുറക്കാൻ ട്രസ് ചെയ്ത് ഓട് വിരിക്കാം
- പ്രധാന വാതിലുകൾ മാത്രം മരംകൊണ്ടുണ്ടാക്കാം. ബാക്കിയെല്ലാം ഫൈബർ വാതിലുകൾ ഉപയോഗിക്കാം.

പ്പോഴായി അറിഞ്ഞിട്ടുണ്ട്. കാസർകോട് തൊട്ട് പാറശ്ശാല വരെ ദുരന്തസാധ്യതയുള്ള പ്രദേശത്താണ് കേരളം സ്ഥിതിചെയ്യുന്നതെന്ന് ദേശീയ ദുരന്തസാധ്യത മാപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കാൽക്കീഴിൽ മരണം പതിയിരിക്കുന്നുണ്ടെന്ന് ഇടക്കെങ്കിലും ഓർക്കുന്നത് നല്ലതാണ്.

## പൊളിച്ചെഴുതണം നിയമങ്ങൾ

കെട്ടിടനിർമാണ നിയമങ്ങൾ പൊളിച്ചെഴുതേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദുർബലമായ നിയമങ്ങൾ മാത്രമാണ് ഇപ്പോഴുള്ളത്. തണ്ണീർത്തടങ്ങൾ നികത്തിയുള്ള നിർമാണങ്ങൾക്കു മാത്രമാണ് ഇപ്പോൾ നിരോധനം. മലമ്പ്രദേശത്തും തീരപ്രദേശത്തും ഇടനാടുകളിൽ വീടുവെക്കുമ്പോഴും എങ്ങനെ ദുരന്തത്തെ അതിജീവിക്കുന്ന നിർമാണമാകാം എന്നത് പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിയമമായിതന്നെ കൊണ്ടുവരണം. അതിന് പ്രാഥമികമായി വേണ്ടത് പാർപ്പിട സാക്ഷരത തന്നെയാണ്.

ഒരു കുടുംബത്തിനു വേണ്ട വീടിന്റെ വിസ്തൃതി ഒരു പരിധിക്കപ്പുറം ഒരുതരത്തിലും അംഗീകരിക്കാൻ പാടില്ല. അടുത്തിടെ ദുരന്തബാധിതപ്രദേശങ്ങളിലൂടെ കടന്നുപോയപ്പോൾ 4000 സ്ക്വയർഫീറ്റിലുള്ള വീടുകൾവരെ കാണാൻ കഴിഞ്ഞു. എന്തിനാണ് നമുക്ക് ഇത്രയും വലിയ വീടുകൾ. അത്തരം വീടുകൾക്ക് ഉപയോഗിക്കുന്ന സാധനങ്ങൾകൊണ്ട് പത്തോ പതിനഞ്ചോ വീടുണ്ടാക്കാനാവും. ഒരു വിഭാഗക്കാർക്കു മാത്രം കൊള്ളയടിക്കാനുള്ളതല്ല നമ്മുടെ സ്വത്തുക്കൾ. ഭൂമിയുടെ വിഭവങ്ങൾ എല്ലാവർക്കും അവകാശപ്പെട്ടതാണ്. അടിസ്ഥാന സ്വാതന്ത്ര്യത്തിലുള്ള കൈകടത്തലാണ് ഇതെന്ന് പറയുമ്പോഴും ഇനിയും ദുരന്തങ്ങളെ ക്ഷണിച്ചു വരുത്താതിരിക്കാൻ ഇത്തരം കാര്യങ്ങളിൽ സർക്കാർ ഇടപെട്ടേ മതിയാകൂ.

## മാതൃകകൾ അടിച്ചേൽപിക്കരുത്

ഏതു ദുരന്തങ്ങളായാലും അതിൽ ഇരയാകുന്നത് പാവപ്പെട്ടവരാണ്. കിടപ്പാടം നഷ്ടപ്പെടുന്നതും അത് വീണ്ടുമുണ്ടാക്കാൻ പാടുപെടുന്നവരും അവരായിരിക്കും. പുതിയ പശ്ചാത്തലത്തിൽ പ്രോട്ടോ ടൈപ്പ് മാതൃകകൾ അവരെ അടിച്ചേൽപിക്കരുത്. കർഷകനും മുക്കുവനും ഫാക്ടറിത്തൊഴിലാളിയും ഡ്രൈവറുമടക്കം പല ശ്രേണിയിലുള്ളവരാണ് ഇവിടെ ജീവിക്കുന്നത്. അതുകൊണ്ടുതന്നെ അവരുമായി ചർച്ചചെയ്തു വേണം പുതിയ രീതികൾ കൊണ്ടുവരാൻ. നാടൻവസ്തുക്കളെയും നിർമാണവസ്തുക്കളെയും ഉയർത്തിപ്പിടിക്കണം. വിദഗ്ധരായ തൊഴിലാളികളും ആർക്കിടെക്ടും എൻജിനീയർമാരും കേരളത്തിന്റെ മുതൽക്കൂട്ടാണ്. കെട്ടിടത്തിന്റെ ആയുസ്സിലും ബലത്തിലും ഒരു വിട്ടുവീഴ്ചക്കും മലയാളി തയാറാകില്ല. എന്റെ വീട് മണ്ണാണ്, നോക്കൂ ഇതിനൊരു കുഴപ്പവുമില്ല എന്ന് സാക്ഷ്യപ്പെടുത്തിയാകണം അവരെ ബോധ്യപ്പെടുത്തേണ്ടത്. പൂർണമായും ചെലവ് കുറച്ചില്ലെങ്കിലും ഭാഗികമായി ചെലവ് കുറക്കുന്ന രീതിയെങ്കിലും നടപ്പാക്കാൻ കഴിഞ്ഞാൽ കേരളത്തിൽ വലിയൊരു വിപ്ലവത്തിനാണ് തിരികൊളുത്തുക. ദുരന്തങ്ങൾ ഓരോ വർഷവും ആവർത്തിക്കുകയാണ്. അതുകൊണ്ടു തന്നെ ദുരന്തങ്ങളെ അതിജീവിക്കുന്ന കെട്ടിടസംസ്കാരം ഉരുത്തിരിയേണ്ടത് അത്യാവശ്യമാണ്. •



# പ്രളയത്തെ ചെറുക്കുന്ന വീട്

പ്രളയത്തെ അതിജീവിക്കാൻ കഴിയുന്ന ചെലവുകുറഞ്ഞ വീടാണ് നവകേരളത്തിന് മാതൃകയായി ആർകിടെക്ട് ജി. ശങ്കറിന്റെ നേതൃത്വത്തിലുള്ള ഹാബിറ്റാറ്റ് ഗ്രൂപ്പ് അവതരിപ്പിച്ചത്. തിരുവനന്തപുരം ജഗതി ഡി.പി.ഐ ജങ്ഷനിലെ പൊലീസ് ഗെസ്റ്റ് ഹൗസ് കോമ്പൗണ്ടിലെ ഒരു സ്ഥലത്താണ് വീടിന്റെ പ്രോട്ടോ ടൈപ് തയാറാക്കിയത്. 23 ദിവസംകൊണ്ടാണ് നിർമാണം പൂർത്തീകരിച്ചത്. മൂന്നു നിലകളിലായി 500 ചതുരശ്രയടിയുള്ള വീട് ആറടിയോളം ഉയരത്തിലുള്ള കോൺക്രീറ്റ് തൂണുകളിലാണ്. ബേസ്മെൻറ് പാർക്കിങ്ങിനോ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കാം. സ്വീകരണമുറിയും അടുക്കളയും ബാത്ത്റൂമും ഒരു കിടപ്പുമുറിയുമാണ് ഒന്നാം നിലയിൽ. രണ്ടാം നിലയിൽ ഒരു കിടപ്പുമുറി. ഇൻറർലോക് ഇഷ്ടികയിലാണ് ഭിത്തികൾ. ഫില്ലർ സ്ലാബ് രീതിയിലാണ് മേൽക്കൂര വാർത്തിരിക്കുന്നത്. ഫ്ലോറിങ്ങിന് സെറാമിക് ടൈലുകൾ. പെയിൻറിങ്ങിന് ഉൾപ്പെടെ ചെലവ് 5.5 ലക്ഷം.

- ലൊക്കേഷൻ- ജഗതി, തിരുവനന്തപുരം
- പ്ലോട്ട്- 1 സെൻറ് • ഏരിയ- 500 ചതുരശ്രയടി
- ഓണർ- കേരള പൊലീസ് • ഡിസൈൻ- ഹാബിറ്റാറ്റ്
- ചെലവ്- 5.5 ലക്ഷം